# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 928 — 10.06.2019-ൽ മറുപടിയ്ക്ക്.

## പാലിന്റെ വില വർദ്ധിപ്പിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ വിലവർദ്ധനവ് ക്ഷീരകർഷകർക്ക് പ്രതിസന്ധി ഉണ്ടാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കാലിത്തീറ്റയുടെ വിലവർദ്ധനവ് ക്ഷീര കർഷകർക്ക് പ്രതിസന്ധി ഉണ്ടാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് സംഭരിക്കുന്നത്. ഇത് കാലിത്തീറ്റയുടെ വില വർദ്ധനവിന് ഇടയാക്കുന്നുണ്ട്. |
| (ബി) ഉല്പാദനച്ചെലവ് കൂടിയ സാഹചര്യത്തിൽ പാൽവില കൂട്ടണമെന്ന് ക്ഷീരകർഷകർ ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനം കൈക്കൊള്ളുമോ എന്നറിയിക്കാമോ? | (സി) കാലിത്തീറ്റയുടെ വില അസംസ്കൃതവസ്തുക്കൾക്ക് ഉണ്ടാകുന്ന വിലവർദ്ധനയ്ക്ക് അനുസരിച്ചാണ് പുതുക്കി നിശ്ചയിക്കുന്നത്. ക്ഷീരവികസന വകുപ്പ് ഡയറക്ടർ അടക്കം അടങ്ങുന്ന വിലനിർണ്ണയ സമിതിയാണ് ഇത് നിശ്ചയിക്കുന്നത്. കർഷകർക്ക് അധികഭാരം പരമാവധി ഒഴിവാക്കത്തക്ക രീതിയിലാണ് വില നിർണ്ണയ സമിതി വില പുതുക്കി നിശ്ചയിക്കാറുള്ളത്.<br>പാൽവില പുതുക്കി നിശ്ചയിക്കുന്നതിന് നിലവിൽ ബഹു.കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം കർഷകരുടെ സഹകരണ സ്ഥാപനമായ മിൽമയ്ക്കാണ് അധികാരം നൽകിയിരിക്കുന്നത്. പാൽ വില വർദ്ധന ഉപഭോക്താക്കളിൽ അധികഭാരം ഉണ്ടാകാതിരിക്കണമെന്നാണ് സർക്കാർ നിലപാട്.<br>ക്ഷീരകർഷകർക്ക് പാലുല്പാദനത്തിൽ ഉണ്ടാകുന്ന വർദ്ധിച്ച തീറ്റ ചെലവ് കണക്കിലെടുത്ത് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനമായും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. |

1) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി
2) തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള ധനസഹായം
3) അവശ്യാധിഷ്ഠിത ധനസഹായം
4) കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം
5) യന്ത്രവൽക്കരണത്തിനുള്ള ധനസഹായം
6) സമഗ്രഇൻഷ്വറൻസ് പദ്ധതി
7) ക്ഷീരകർഷക ക്ഷേമനിധിയിലൂടെയുള്ള സഹായങ്ങൾ.

കൂടാതെ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് ഒരു ലിറ്റർ പാലിന് 4/- രൂപ വരെ കാലിത്തീറ്റ ഇൻസെന്റീവും നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**